പീരുമേട്ടിലെ ഹരിജൻ ഹോസ്റ്റൽ.

* 310. [84] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വിദ്യാർത്ഥികളുടെ സംരക്ഷണത്തിനായി പീരുമേട്ടിൽ രത്നരാജിന്റെ നേതൃത്വത്തിൽ ഒരു ഹോസ്റ്റൽ നടത്തിവരുന്നുണ്ടോ ;

(ബി) ടി ഹോസ്റ്റലിന്റെ നടത്തിപ്പിനുവേണ്ടി 1954-55-ൽ വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ടി നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ;

(ഡി) ടി ഹോസ്റ്റലിന്റെ നടത്തിപ്പിനു ഇതിനകം വല്ല സഹായവും ചെയ്തുകൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ; ഇല്ലെങ്കിൽ കാരണമെന്താണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പീരുമേട് താലൂക്കിൽ ഹരിജൻ വിദ്യാർത്ഥികളുടെ സംരക്ഷണത്തിനായി രത്നരാജിന്റെ നേതൃത്വത്തിൽ ഒരു ഹോസ്റ്റൽ നടത്തിവരുന്നുണ്ട് ;

(ബി) നിവേദനം കിട്ടിയിട്ടുണ്ട് ;

(സി) കുട്ടികളുടെ ഉച്ചഭക്ഷണത്തിനും ഹോസ്റ്റലിലേയ്ക്കു സാമാനങ്ങൾ വാങ്ങിക്കുന്നതിനും ജോലിക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുമായി ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഡി) സഹായങ്ങളൊന്നും ചെയ്തുകൊടുത്തിട്ടില്ല. അപേക്ഷ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

താലൂക്ക് പുനർവിഭജന റിപ്പോർട്ട്.

* 311. [86] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് പുനർവിഭജനക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചുകഴിഞ്ഞുവോ ;

(ബി) ഉണ്ടെങ്കിൽ പുതിയതായി രൂപീകരിക്കുവാൻ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള താലൂക്കുകൾ ഏതെല്ലാം ;

(സി) ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്കൻ പ്രദേശം ചേർത്തു പൊൻകുന്നം എന്നൊരു പുതിയ താലൂക്ക് സൃഷ്ടിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കേന്ദ്രം പൊൻകുന്നത്തുതന്നെ സ്ഥാപിക്കുവാൻ വേണ്ട നടപടി എടുക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly